51260/Registra/2026/UOK

കാട്ടേഷൻ നോട്ടീസ്

കേരള സർവകലാശാല ആലപ്പുഴ പഠന ഗവേഷണ കേന്ദ്രത്തിൽ നിലവിലുള്ള സ്ക്രാപ്പ് മെറ്റീരിയൽസ് 'ഉള്ള അവസ്ഥയിൽ ഉള്ളിടത്ത് (As is where is condition)" എന്ന വ്യവസ്ഥയിൽ നീക്കം ചെയ്യുന്നതിനായി മത്സരാധിഷ്ഠിത കാട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. കാട്ടേഷന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

- കാട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതി : 01.12.2026 സമയം : 04.00 PM
- കാട്ടേഷൻ തുറക്കുന്ന തീയതി: 02.12.2026 സമയം: 03.00 PM

സ്ഥലം : കേരള സർവകലാശാല പഠന ഗവേഷണ കേന്ദ്രം (UKSRC), സനാതനപുരം പി ഓ, കളർകോട്, ആലപ്പുഴ-688003

നിബന്ധനകളും വ്യവസ്ഥകളും

1. കാട്ടേഷൻ സമർപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ വെള്ളപേപ്പറിൽ തയ്യാറാക്കിയ കാട്ടേഷനുകൾ മുദ്ര വച്ച കവറിനുള്ളിൽ അസിസ്റ്റൻറ് രജിസ്ട്രാർ, കേരള സർവകലാശാല പഠന ഗവേഷണ കേന്ദ്രം (UKSRC) ആലപ്പുഴ, സനാതനപുരം പി ഒ, ആലപ്പുഴ-688003 എന്ന വിലാസത്തിൽ നിശ്ചിത സമയത്തിന് മുൻപ് ലഭിക്കത്തക്ക വിധത്തിൽ നേരിട്ടോ തപാൽ മാർഗമോ സമർപ്പിക്കേണ്ടതാണ്.
2. കാട്ടേഷൻ സമർപ്പിക്കുന്ന കവറിനു മുകളിൽ " ആലപ്പുഴ പഠന ഗവേഷണ കേന്ദ്രത്തിലെ സ്ക്രാപ്പ് വിലക്കെടുക്കുന്നതിനുള്ള കാട്ടേഷൻ" എന്ന് രേഖപ്പെടുത്തിയിരിക്കണം.
3. കാട്ടേഷനോടൊപ്പം കാട്ടേഷൻ സമർപ്പിക്കുന്നയാളുടെ തിരിച്ചറിയൽ രേഖ (ആധാർ) കൂടി സമർപ്പിക്കേണ്ടതാണ്. അപൂർണമായ കാട്ടേഷനുകൾ നിരസിക്കുന്നതാണ്.
4. തുക അക്കത്തിലും അക്ഷരത്തിലും വ്യക്തമായി കാട്ടേഷനിൽ രേഖപ്പെടുത്തിയിരിക്കണം.
5. സർവകലാശാല നിശ്ചയിച്ചിട്ടുള്ള മതിപ്പുവിലയേക്കാൾ ഉയർന്ന തുകകൾ രേഖപ്പെടുത്തിയ കാട്ടേഷനുകൾ മാത്രമേ പരിഗണിക്കുകയുള്ളൂ.
6. ബാധകമായ നികുതികൾ (GST, TCS മുതലായവ) കാട്ടേഷൻ എടുത്തയാൾ തന്നെ അടക്കേണ്ടതാണ്.
7. കാട്ടേഷൻ തുറക്കുന്ന തീയതിയിൽ സന്നിഹിതരാകുന്നവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും മതിപ്പു വിലയേക്കാൾ ഏറ്റവും ഉയർന്ന തുകക്ക് കാട്ടേഷൻ നൽകിയ ആൾക്ക് അനുമതിക്ക് വിധേയമായി വിൽപ്പന സ്ഥിരപ്പെടുത്തി നൽകുന്നതുമാണ്.
8. കാട്ടേഷൻ എടുത്തയാൾ മൂന്നു പ്രവർത്തി ദിവസങ്ങൾക്കുള്ളിൽ തുകയും ക്രമപ്രകാരമുള്ള നികുതിയും അടച്ചു 7 പ്രവർത്തിദിവസങ്ങൾക്കുള്ളിൽ ഉദ്യോഗസ്ഥരുടെ നിർദേശത്തിലും സാന്നിധ്യത്തിലും സാധന സാമഗ്രികൾ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും നീക്കം ചെയ്യേണ്ടതാണ്.
9. നിശ്ചിത സമയത്തിനകം തുക അടച്ച് സാധനങ്ങൾ നീക്കം ചെയ്യാതിരുന്നാൽ അടുത്ത ഉയർന്ന തുക രേഖപ്പെടുത്തിയ ആൾക്ക് കാട്ടേഷൻ നൽകുകയോ റീ-കാട്ടേഷൻ ക്ഷണിക്കുകയോ ചെയ്യുന്നതാണ്.
10. .സാധനങ്ങൾ കയറ്റിക്കൊണ്ടുപോകുന്നതിനോ വേർതിരിക്കുന്നതിനോ ഉള്ള തൊഴിലാളി ചെലവുകളും വാഹന ചെലവുകളും കാട്ടേഷൻ എടുത്തയാൾ തന്നെ വഹിക്കേണ്ടതാണ്.
11. സർവകലാശാലയിലും സംസ്ഥാനത്തും നിലവിലുള്ള നിയമാവലികൾക്ക് വിധേയമായിട്ടായിരിക്കും

Draft #1 of File 51260/Registra/2026/UOK Approved by Registrar(i/c) on 05-Nov-2026 11:43 PM - Page 1

വിൽപ്പന. വിൽപ്പന സംബന്ധിച്ചു അന്തിമ തീരുമാനം സർവകലാശാല രജിസ്ട്രാറിൽ നിക്ഷിപ്തമായിരിക്കും. ഏതൊരു ഘട്ടത്തിലും വിൽപ്പന നടപടികൾ നിർത്തി വക്കുന്നതിനുള്ള അധികാരം രജിസ്ട്രാർക്കുണ്ടായിരിക്കുന്നതാണ്.

12. വിൽപ്പനക്ക് വച്ചിട്ടുള്ള സാധന സാമഗ്രികൾ 2026 നവംബർ 25 മുതൽ 27 വരെ ഓഫിസ് സമയത്തു പഠന ഗവേഷണ കേന്ദ്രം അസിസ്റ്റൻറ് രജിസ്ട്രാറുടെ സാന്നിധ്യത്തിൽ പരിശോധിക്കാവുന്നതാണ് .

05.11.2026 **രജിസ്ട്രാർ**

Draft #1 of File 51260/Registra/2026/UOK Approved by Registrar(i/c) on 05-Nov-2026 11:43 PM - Page 2

സ്ക്രാപ്പ് മെറ്റീരിയൽസിന്റെ ലിസ്റ്റ് താഴെ കൊടുക്കുന്നു:

Sl. No	Item	Quantity
1	Electric Panel Board(180x175x27 cm)	1 No
2	Electric Tube Frame	20 Nos
3	Electric light	20 Nos
4	Exhaust Fan	3 Nos
5	Photocopier	2 Nos
6	Air conditioner	3 Nos
7	CPU	1 Nos
8	Keyboard	2 Nos
9	Induction Cooker	1 Nos
10	Wiring Pipe- PVC	22 m
11	Ceiling fan leaf	16 Nos
12	Electric switch board	10 Nos
13	Electric wire	10m
14	Electric box (steel)	1 Nos
15	S-Type chairs (steel)	10 Nos
16	Computer table-steel (90x60 cm)	18 Nos
17	Jefferson chair	40 N0s

18	Aluminium window frame (115x160 cm)	3 Nos
19	Computer table- wood (80x45 cm)	2 Nos
20	Revolving chair with arm	6 Nos
21	Computer table top(90x60 cm)	6 Nos
22	Window glass with wooden frame (53x156cm)	76 Nos
23	Window glass with wooden frame(63x63 cm)	17 Nos
24	Window glass with wooden frame(206x128 cm)	2Nos
25	Wooden chair	2 Nos
26	GI roofing sheet	55 sq. m
27	Wooden frame(370x10x6 cm)	1 Nos
28	Wooden frame(54x8x3cm)	4 Nos
29	Wash basin	2 Nos
30	S V lamp	6 Nos
31	Plain glass	10sqm
32	2 HP Pump	1 Nos
33	Wall fan	14 Nos
34	Pedestal fan	1 Nos

Draft #1 of File 51260/Registra/2026/UOK Approved by Registrar(i/c) on 05-Nov-2026 11:43 PM - Page 3

The document is digitally approved. Hence signature is not needed.